പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6786 04.04.2018 ൽ മറുപടിയ്ക്ക്

**കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽ റീസർവ്വെ**

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽ റീസർവ്വെ നടത്തിയിട്ടുണ്ടോയെന്നും പ്രസ്തുത പ്രദേശങ്ങളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിൽ റീസർവ്വെ നടന്നിട്ടുള്ളതാണ്. പട്ടയഭൂമിയും ഭൂമി കയ്യേറ്റങ്ങളും തിട്ടപ്പെടുത്തുന്നതിന് 16/02/2015 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 69/15/റവ. നമ്പരായി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വെ നടപടികൾക്ക് മുന്നോടിയായുള്ള തണ്ടപ്പേര് പരിശോധന ദേവികുളം റവന്യു ഡിവിഷണൽ ഓഫീസറുടെ കാര്യാലയം മുഖേന നടത്തിവരുന്നു. |
| (ബി) | നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ റീ സർവ്വേക്ക് മുൻപുള്ള വിസ്തൃതിയും റീസർവ്വെക്കു ശേഷമുള്ള വിസ്തൃതിയും എത്രയാണ്; വിശദമാക്കുമോ; | (ബി) കേരള സർക്കാരിന്റെ 6/10/2016 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 36/06/F&WLD പ്രകാരം കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 ലെ സർവ്വെ നമ്പർ 1 എന്നിവയിൽപെട്ട ഉദ്ദേശം 3200 ഹെക്ടർ ഭൂമിയാണ് 6/10/2006 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 36/2006/F&WLD പ്രകാരം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ടി പ്രദേശത്ത് റീസർവ്വേ പൂർത്തിയായിട്ടില്ല. |
| (സി) | ഇതിനായി രൂപീകരിച്ച മന്ത്രിസഭ ഉപ സമിതിയിൽ ആരെല്ലാമാണ് ഉണ്ടായിരുന്നത്; ഇവർ പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) സർവ്വെ നടപടികളുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് ബഹു.റവന്യുമന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരൻ, ബഹു.വനംമന്ത്രി ശ്രീ.കെ.രാജു. ബഹു.വൈദ്യുതവകുപ്പ് മന്ത്രി ശ്രീ.എം.എം.മണി എന്നിവരടങ്ങിയ മന്ത്രിസഭ ഉപസമിതിയാണ് സ്ഥലം സന്ദർശിച്ചിട്ടുള്ളത്. ഈ സമിതി 11/12/2017, 12/12/2017 തിയതികളിൽ പ്രദേശം സന്ദർശിച്ചിരുന്നതും ചർച്ച നടത്തിയിട്ടുള്ളതുമാണ്. |
| (ഡി) | ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ